പത്രക്കുറിപ്പ്

10-4-2018

## കുടുംബശ്രീ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം:

# 112.5 കോടി രൂപയുടെ പുതിയ പദ്ധതികൾക്ക് കേന്ദ്രാനുമതി

തിരുവനന്തപുരം- കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് 112.5 കോടി രൂപയുടെ കേന്ദ്രാനുമതി ലഭിച്ചു. മുൻവർഷങ്ങളിൽ കുടുംബശ്രീ നടപ്പാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും വ്യാപ്തിയും വിലയിരുത്തിയ ശേഷമാണ് 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി 112.5 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്. ഇതിൽ നാൽപത് ശതമാനം സംസ്ഥാന വിഹിതമാണ്.

ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും ലക്ഷ്യമിട്ട് കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ തൊഴിൽദായക പദ്ധതികൾക്കും സംഘടനാസംവിധാനം, മൈക്രോഫിനാൻസ് എന്നിവ ശക്തിപ്പെടുത്തുന്നതുൾപ്പെടെയുള്ള പരിശീലന പരിപാടികൾക്കും മറ്റ് നൂതന പദ്ധതി പ്രവർത്തനങ്ങൾക്കും ആവശ്യമായ സാമ്പത്തിക പിന്തുണ ഉറപ്പാക്കാൻ ഫണ്ട് ലഭ്യമാക്കുന്നതു വഴി സാധിക്കും. ഇതു പ്രകാരം അയൽക്കൂട്ട വനിതകളായ സംരംഭകർക്ക് പരിശീലനങ്ങൾ, ലഘു വായ്പകൾ, അയൽക്കൂട്ടങ്ങളുടെ ബാങ്ക് ലിങ്കേജിന്റെ പലിശ സബ്സിഡി എന്നിവ നൽകുന്നതിന് പദ്ധതി തുക വിനിയോഗിക്കാനാകും. ഇതോടൊപ്പം സാമ്പത്തിക സാക്ഷരതാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും കഴിയും. കൂടാതെ സംഘകൃഷി ഗ്രൂപ്പ് അംഗങ്ങൾ, കേരള ചിക്കൻ സംരംഭകർ എന്നിവർക്കുള്ള വായ്പകളും ആവശ്യാനുസരണം നൽകാൻ കഴിയും. കുടുംബശ്രീ ഉൽപന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ആദിവാസി മേഖലയിലെ സാമൂഹിക വികസനം സ്ത്രീ ശാക്തീകരണം എന്നിവയുമായി ബന്ധപ്പെട്ട പരിപാടികൾ, സിഡിഎസ് ചെയർപേഴ്സൺമാർ, പഞ്ചായത്ത്  ഭാരവാഹികൾ, കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർ എന്നിവർക്കുള്ള പരിശീലനം തുടങ്ങിയ പരിപാടികളും പദ്ധതി തുക ഉപയോഗിച്ച് നിർവഹിക്കാൻ കഴിയും.

ഉപജീവന വികസനം ലക്ഷ്യമിട്ട്  കുടുംബശ്രീ മുഖേന സംസ്ഥാനത്ത് 172 തൊഴിൽ പരിശീലന ഏജൻസികളെ എംപാനൽ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 2016-17ൽ 5100 ഓളം പേർക്ക് തൊഴിൽ പരിശീലനവും ലഭ്യമാക്കിയിട്ടുണ്ട്. ഇതുവഴി നിരവധി അയൽക്കൂട്ട വനിതകൾക്ക് കഴിഞ്ഞവർഷം മെച്ചപ്പെട്ട തൊഴിലും വരുമാനവും ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. ഈ വർഷം ഇതുവരെ 8352 അയൽക്കൂട്ടങ്ങൾക്ക് പലിശ സബ്സിഡി ഇനത്തിൽ 1.33 കോടി രൂപ നൽകിയിരുന്നു. ഈ വർഷം ഏഴു കോടി രൂപ നൽകാനാണ് ലക്ഷ്യമിടുന്നത്. കൂടാതെ റിവോൾവിങ് ഫണ്ട് ഇനത്തിൽ 15 കോടി രൂപ നൽകുന്നതിനായി 10000 അയൽക്കൂട്ടങ്ങളെയും തിരഞ്ഞെടുത്തിട്ടുണ്ട്. ഈ തുകയും ഉടൻ വിതരണം ചെയ്യും. കുടുംബശ്രീ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അയൽക്കൂട്ടതലത്തിൽ കുടുംബശ്രീ സ്കൂൾ പദ്ധതിയും നടപ്പാക്കിയിരുന്നു. സംരംഭങ്ങളെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് സി.ഡി.എസുകൾക്ക് ഇരുപതു കോടി രൂപ വിതരണം ചെയ്തിരുന്നു. സംസ്ഥാനത്ത് 1012

ഓളം സംരംഭകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിരുന്നു. സാമൂഹ്യ വികസനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ആദിവാസി മേഖലയിൽ സമഗ്രമായ ഇടപെടലുകൾ നടത്താനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി രൂപീകരിച്ചിട്ടുള്ള അട്ടപ്പാടി പ്രത്യേക പദ്ധതി വഴി ആദിവാസികളുടെ സാമൂഹ്യവും സാമ്പത്തികവുമായ ജീവിതം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരികയാണ്. ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് അട്ടപ്പാടിയിലെ പഞ്ചായത്ത് ബ്ലോക്ക് സമിതികൾ ശക്തിപ്പെടുത്തുകയും അതോടൊപ്പം ആരോഗ്യം വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്. കൂടാതെ പദ്ധതി തുക ലഭിക്കുന്നതനുസരിച്ച് നിലവിൽ തിരുനെല്ലി, ആറളം ഫാം, നിലമ്പൂർ എന്നിവിടങ്ങളിൽ അട്ടപ്പാടി മാതൃകയിൽ നടപ്പാക്കി വരുന്ന പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും കഴിയും.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ**